(ബി) വൻകിട വ്യവസായ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രഖ്യാപനങ്ങൾ നടത്തി, ഓരോ പദ്ധതിക്കും ആവശ്യമായതെന്ന പേരിൽ നൽകിയ ഭൂമി അതേതരത്തിൽ പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികൾക്ക് ഭൂമി നൽകുമ്പോൾ എന്തെങ്കിലും തരത്തിലുള്ള ധാരണാപത്രങ്ങൾ ഒപ്പ് വയ്ക്കാറുണ്ടോ;

(ഡി) എങ്കിൽ ഭൂമി നൽകുമ്പോൾ ഉണ്ടാക്കുന്ന ധാരണയ്ക്കനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ പാലക്കാട് BEML-ന് റോളിങ് സ്റ്റോക്ക് ഉത്പന്ന നിർമ്മാണത്തിനും പ്രതിരോധ ഉത്പാദന കോംപ്ലക്സ് ആരംഭിക്കുന്നതിനും 374.59 ഏക്കർ ഭൂമിയും കാസർഗോഡ് സീതാംഗേലി HAL-ന് തന്ത്രപ്രധാനമായ ഇലക്ട്രോണിക്സ് ഉത്പാദന ഫാക്ടറിക്കുവേണ്ടി 200 ഏക്കർ ഭൂമിയും കണ്ണൂർ ഇരിണാവിൽ Indian Coast Guard-ന് അക്കാഡമി സ്ഥാപിക്കുന്നതിന് വേണ്ടി 164.22 ഏക്കർ ഭൂമിയും പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്: ഇവയിൽ BEML, HAL എന്നിവയുടെ ഒന്നാംഘട്ട പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ട്. Indian Coast Guard പാട്ടക്കരാറിൽ ഏർപ്പെടുകയോ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല.

(ബി&സി) വൻകിട പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കുമ്പോൾ കരാർ പ്രകാരമുള്ള ഭൂമി വിനിയോഗം ഉറപ്പാക്കാറുണ്ട്.

(ഡി) മുകളിൽ സൂചിപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ BEML 174 ഏക്കർ ഭൂമിയും HAL 25 ഏക്കർ ഭൂമിയും വിനിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ അവരുടെ പദ്ധതികൾ ഘട്ടംഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. പാട്ടക്കരാറിൽ ഭൂമിയുടെ വിനിയോഗത്തെക്കുറിച്ച് വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

മലബാർ സിമന്റ്സ്

176 (561) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സിലെ അഴിമതിയുമായി ബന്ധപ്പെട്ട് എടുത്ത കേസ്സുകളുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ആർക്കെല്ലാം എതിരെ ഏതൊക്കെ തരത്തിലുള്ള കേസ്സുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മലബാർ സിമന്റ്സ് അഴിമതി കേന്ദ്രമാക്കി സ്ഥാപനത്തിന് തന്നെ തകർച്ചയുണ്ടാക്കുന്ന സംഭവങ്ങളിൽ നാമത്രുമായി എടുക്കുന്ന കേസ്സുകൾപോലും യഥാവിധി നടത്തി കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ലഭ്യമാക്കുന്നതിന് വകുപ്പിന്റെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ അഴിമതിയുമായി ബന്ധപ്പെട്ട കേസുകൾ വിജിലൻസ് കോടതിയുടെ പരിഗണനയിലാണ്.

(ബി) നിലവിൽ ആർക്കെല്ലാം എതിരെ ഏതൊക്കെ തരത്തിലുള്ള കേസ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) അന്വേഷണം പൂർത്തിയായ കേസ്സുകളിൽ കുറ്റം തെളിഞ്ഞിട്ടുള്ള വർക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

അനധികൃത കുടിവറപ്പു കേന്ദ്രങ്ങൾ

177 (562) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചവണ്ടി വ്യവസായത്തിലെ അനധികൃത കുടിവറപ്പു കേന്ദ്രങ്ങളുടെ പ്രവർത്തനം തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) എത്ര അനധികൃത കുടിവറപ്പു കേന്ദ്രങ്ങൾ പ്രവൃത്തിച്ചു വരുന്നു എന്ന് അറിയിക്കാമോ;

(സി) അനധികൃത കുടിവറപ്പു കേന്ദ്രങ്ങൾ നടത്തുന്നവർക്കെതിരെ സ്വീകരിച്ച നിയമ നടപടി വിശദമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് കാഷ്യൂ സ്പെഷ്യൽ ഓഫീസർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഇ) നിലവിലുള്ള അൺ രജിസ്റ്റേഡ് കാഷ്യൂ ഫാക്ടറീസിനെതിരെ നിയമനടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly